**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3539** **02-03-2023 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.എച്ച്.ആർ.ഡി കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.എച്ച്.ആർ.ഡി കോളേജുകളെ ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.എച്ച്.ആർ.ഡി കോളേജുകളെ ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത ഫീസ് അടക്കണമെന്നാവശ്യപ്പെട്ട് സർവ്വകലാശാല ഐ.എച്ച്.ആർ.ഡി കോളേജുകൾക്ക് നിർദ്ദേശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എം.ജി സർവ്വകലാശാല ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് കുടിശിക ഉൾപ്പെടെ അടക്കണമെന്ന് ഐ.എച്ച്.ആർ.ഡി-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. 14.02.2017-ലെ സ.ഉ.(കൈ) നം. 55/2017/ഉ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി കോളേജുകളെ ആനുവൽ അഫിലിയേഷൻ ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷം മുതൽ കേരളാ യൂണിവേഴ്സിറ്റിയും കണ്ണൂർ യൂണിവേഴ്സിറ്റിയും ഐ.എച്ച്.ആർ.ഡി കോളേജുകൾ അടക്കേണ്ടതായിട്ടുള്ള ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡി കോളേജുകളുടെ ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് ഒഴിവാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് 03.12.2022 -ലെ കത്ത് നമ്പർ ജെ1/143/2022/ഉ.വി.വ പ്രകാരം എം.ജി, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് സർക്കാർ കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഫീസ് അടക്കുന്നതിൽനിന്നും കോളേജുകളെ ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എം.ജി സർവ്വകലാശാല ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് കുടിശിക ഉൾപ്പെടെ അടക്കണമെന്ന് ഐ.എച്ച്.ആർ.ഡി-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. 14.02.2017-ലെ സ.ഉ.(കൈ) നം. 55/2017/ഉ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി കോളേജുകളെ ആനുവൽ അഫിലിയേഷൻ ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷം മുതൽ കേരളാ യൂണിവേഴ്സിറ്റിയും കണ്ണൂർ യൂണിവേഴ്സിറ്റിയും ഐ.എച്ച്.ആർ.ഡി കോളേജുകൾ അടക്കേണ്ടതായിട്ടുള്ള ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡി കോളേജുകളുടെ ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ് ഒഴിവാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് 03.12.2022 -ലെ കത്ത് നമ്പർ ജെ1/143/2022/ഉ.വി.വ പ്രകാരം എം.ജി, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് സർക്കാർ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ